വഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനായി എല്ലാ ബ്ലോക്കുകളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. മഞ്ചേരിയിൽ പ്രതീക്ഷാഭവൻ എന്ന പേരിൽ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്ഥാപനം ആരംഭിച്ചു.

(ബി) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇപ്രകാരമുള്ള ഒരു കണക്ക് സർക്കാർ തലത്തിൽ ശേഖരിച്ചിട്ടില്ല. കണക്ക് ശേഖരിച്ച് തരുന്നതാണ്.

ചെറുകിട വ്യവസായങ്ങൾക്ക് ചെലവഴിച്ച തുക

16 [1314] ശ്രീ. കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ മൂന്നുവർഷത്തിലെ ബഡ്ജറ്റിൽ കൈത്തറി തുടങ്ങിയ ചെറുകിട വ്യവസായങ്ങൾക്ക് എത്ര കോടി രൂപ അനുവദിച്ചെന്നും അതിൽ എത്ര ചെലവഴിച്ചെന്നും ചെലവഴിക്കാൻ സാധിച്ചില്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

കഴിഞ്ഞ മൂന്നുവർഷത്തിലെ ബഡ്ജറ്റിൽ കൈത്തറി വ്യവസായത്തിന് കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

കൈത്തറി വ്യവസായത്തിന് 2001-2002 വർഷത്തിൽ പദ്ധതി ഇനത്തിൽ 17.504 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 222 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 21.2 കോടി രൂപ കൈത്തറി മേഖലയുടെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. പ്രസ്തുത വർഷം ആകെ 31.74 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2002-2003 വർഷത്തിൽ പദ്ധതി ഇനത്തിൽ 10.87 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 150 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12.37 കോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി നീക്കി വച്ചു. പ്രസ്തുത വർഷം 26.69 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

2003-2004 വർഷത്തിൽ, പദ്ധതി ഇനത്തിൽ 24.425 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 150 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 25.925 കോടി രൂപ വകകൊള്ളിച്ചിരുന്നു. പ്രസ്തുത വർഷം 26.15 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ മൂന്നുവർഷത്തിലെ ബഡ്ജറ്റിൽ ചെറുകിട വ്യവസായത്തിനും കരകൗശല വ്യവസായത്തിനും അനുവദിച്ചതും ചെലവാക്കിയതുമായ തുക സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു. †

മാർജിൻ മണി വായ്പ (ഈ പദ്ധതി ബാങ്ക് വായ്പയ്ക്ക് ആനുപാതികമായി മാത്രം നൽകുന്നതാണ്), വിപണന പ്രചോദന സഹായം, ടെക്നോളജി റികസന പദ്ധതി എന്നിങ്ങനെയുള്ള ചില പദ്ധതികളിൽ വേണ്ടത്ര അപേക്ഷകൾ ഇല്ലാതിരുന്നതും അർബൻ ഹാത്ത് പദ്ധതിയിൽ കേന്ദ്രാനുമതി ലഭിക്കാതിരുന്നതും മറ്റുമാണ് തുക മുഴുവനായി ചെലവഴിക്കാൻ സാധിക്കാതെ വന്നതിന്റെ പ്രധാന കാരണം.

മഞ്ചേരി മണ്ഡലത്തിലെ അക്ഷയ പദ്ധതി

17 [1315] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ അക്ഷയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഞ്ചേരി ലോകസഭാ മണ്ഡലത്തിലെ വണ്ടൂർ, നിലമ്പൂർ, മഞ്ചേരി, മലപ്പുറം, കൊണ്ടോട്ടി എന്നീ നിയമസഭാമണ്ഡലങ്ങളിൽ അക്ഷയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ മഞ്ചേരി നിയമസഭാ മണ്ഡലത്തിലെ ഊർങ്ങാട്ടിരി, കീഴ്പറമ്പ്, കുഴിമണ്ണ, ചീക്കോട്, അരീക്കോട്, കാവന്നൂർ, പുൽപ്പറ്റ എന്നീ പഞ്ചായത്തുകളിലും മഞ്ചേരി മുനിസിപ്പാലിറ്റിയിലുമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കൂത്തുപറമ്പ് ബ്ലോക്കിലെ അംഗൻവാടികൾ

18 [1317] ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച അംഗൻവാടികൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ കൂത്ത്പറമ്പ് ബ്ലോക്കിന്റെ കീഴിൽ എത്ര അംഗൻവാടികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അംഗൻവാടികൾ ഇല്ലാത്ത വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I—(തുടർച്ച)

No.	PSUs	No.	PSUs	No.	PSUs
Divisions					
1.	*Porcelain Unit of Kerala Ceramics	8.	Travancore Sugars & Chemicals	8.	Steel Complex
2.	*Malabar Spinning & Weaving Mills of KSTC	9.	Quilon Co-operative Spinning Mills	9.	Kerala Garments
3.	*Olavakkode Unit of KEL	10.	Cannanore Co-operative Spinning Mills	10.	Forest Industries (Travancore) LTd.
		11.	Trichur Co-operative Spinning Mills		
		12.	Malappuram Co-Operative Spinning Mills		

അനുബന്ധം II

[8-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 16(1314) കാണുക.]

തുക കോടിയിൽ

	2001-02		2002-03		2003-04	
	പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ്	ചെലവാക്കിയ തുക	പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ്	ചെലവാക്കിയ തുക	പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ്	ചെലവാക്കിയ തുക
ചെറുകിട വ്യവസായം	31.85	28.53	36.93	33.12	39.04	32.74
കരകൗശല വ്യവസായം	2.13	0.66	0.91	0.88	1.10	9.99
ചെറുകിട വ്യവസായം (കേന്ദ്രാവിഷ്കൃതം)	2.26	1.80	5.82	5.75	1.80	1.34
കരകൗശല വ്യവസായം (കേന്ദ്രാവിഷ്കൃതം)	1.00	. .	0.87	0.87	. .	. .

LIBRARY ARCHIVES Kerala Legislative Assembly